"ഭരണഭാഷ മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

ജി1/110/2015 ചാക്ക, തിരുവനന്തപുരം 7

തീയതി: 15/05/2015

## ചുറ്ററിയിപ്പ്

വിഷയം: വ്യവസായിക പരിശീലന വകുപ്പ് - ഫെബ്രുവരി 2014 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (ഒന്നാം സെമസ്റ്റർ), ആഗസ്റ്റ് 2014 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (ഒന്നാം സെമസ്റ്റർ), (രണ്ടാം സെമസ്റ്റർ) എന്നീ പരീക്ഷകളിൽ പങ്കെടുത്ത ട്രെയിനികൾക്ക് മാർക്ക് ഷീറ്റുകൾ പ്രിൻറ് എടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ - സംബന്ധിച്ച്

സൂചന:- 13/05/2015 തീയതിയിലെ ഇതേ നമ്പർ ചുറ്ററിയിപ്പ്

ഫെബ്രുവരി 2014 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (ഒന്നാം സെമസ്റ്റർ), ആഗസ്റ്റ് 2014 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (ഒന്നാം സെമസ്റ്റർ), (രണ്ടാം സെമസ്റ്റർ) എന്നീ പരീക്ഷകളിൽ പങ്കെടുത്ത ട്രെയിനികൾക്ക് മാർക്ക് ഷീറ്റുകൾ ഓൺ ലൈൻ മുഖാന്തിരം പ്രിൻറ് ചെയ്ത് എടുക്കുന്നതിന് വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന പ്രകാരമുള്ള ചുറ്ററിയിപ്പ് പ്രകാരം അറിയിച്ചിരുന്നു. ടി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് പുറമേ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി എല്ലാ സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് നൽകുന്നു.

1. സെമസ്റ്റർ പരീക്ഷകളിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ ട്രെയിനികൾക്കും ഓൺ ലൈൻ മുഖാന്തിരം ഹാൾ ടിക്കറ്റ് ലഭിച്ചിരുന്നു. എന്നാൽ 80% ഹാജർ നേടാത്ത ട്രെയിനികളുടെ ഹാൾ ടിക്കറ്റുകൾ വിതരണം നടത്തരുതെന്ന് നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം പരീക്ഷ എഴുതാത്ത ട്രെയിനികളുടെ സെക്ഷണൽ മാർക്കുകൾ ഓൺ ലൈൻ മുഖാന്തിരം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ രേഖപ്പെടുത്തിയതിൻെറ അടിസ്ഥാനത്തിൽ ടി സെക്ഷണൽ മാർക്ക് ഉൾപ്പെട്ട മാർക്ക് ഷീറ്റുകൾ കൂടി ഇപ്പോൾ പ്രിൻറ് എടുക്കാൻ സാധിക്കും. ടി സാഹചര്യത്തിൽ താഴെ പറയുന്ന കർശന നിർദ്ദേശം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് നൽകുന്നു.

ഒരു കാരണവശാലും ഇപ്രകാരം പരീക്ഷ എഴുതാൻ അർഹതയില്ലാത്ത ട്രെയിനികളുടെ മാർക്ക് ലിസ്റ്റുകൾ പ്രിൻറ് എടുക്കുകയോ ട്രെയിനികൾക്ക് വിതരണം നടത്തുകയോ ചെയ്യരുത്. ഇതിൽ വീഴ്ച വരുത്തുതെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ മാർക്ക് ഷീറ്റുകളിൽ മേലൊപ്പ് ചാർത്തുമ്പോൾ ടി വിഷയം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. ട്രെയിനികളുടെ മാർക്ക് ഷീറ്റിൻെറ ഒന്നിൽ കൂടുതൽ പകർപ്പുകൾ ഓൺ ലൈൻ മുഖേന പ്രിൻറ് എടുക്കുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്. ആയതിനാൽ താഴെ പറയുന്ന കർശന നിർദ്ദേശം ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് നൽകുന്നു.

ഒരു ട്രെയിനിയ്ക്ക് ഒരു മാർക്ക് ഷീറ്റ് മാത്രമേ വിതരണം നടത്താവു. ഒന്നിൽ കൂടുതൽ മാർക്ക് ഷീറ്റുകൾ ട്രെയിനികൾക്ക് വിതരണം ചെയ്താൽ ആർ.ഐ. സെൻററുകൾ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പേര് രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ രജിസ്റ്റർ ചെയ്ത വിവരം രേഖപ്പെടുത്തുന്നതിൽ പ്രയാസം നേരിടാൻ സാധ്യതയുണ്ട്. ആയതിനാൽ ഒരു ട്രെയിനിക്ക് വേണ്ടി ഒരു മാർക്ക് ഷീറ്റ് മാത്രമേ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഒപ്പ് രേഖപ്പെടുത്തി ട്രെയിനികൾക്ക് വിതരണം നടത്താവു.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ കർശനമായും പാലിക്കേണ്ടതാണ് ഒരു ട്രെയിനിക്ക് വേണ്ടി ഒന്നിൽ കൂടുതൽ മാർക്ക് ഷീറ്റുകൾ പ്രിൻറ് ചെയ്ത് വിതരണം ചെയ്താൽ ടി മാർക്ക് ഷീറ്റുകൾ ദുരുപയോഗം ചെയ്യുവാൻ സാധ്യതയുണ്ട്. ടി സാഹചര്യത്തിന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും ഉത്തരവാദിത്തം എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ സർക്കാർ /എസ്.സി.ഡി.ഡി. /എസ്.റ്റി.ഡി.ഡി. /സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക്